**Malayala Manorama**

**17 August 2018**

**Kochi, Perandur Canal Overflowed**



# കരകവിഞ്ഞു പേരണ്ടൂർ കനാൽ

കൊച്ചി ● പനമ്പള്ളി നഗറിൽ പേരണ്ടൂർ കനാൽ കര കവിഞ്ഞൊഴുകുന്നു. കനാലിന്റെ ഇരുവശത്തുമുള്ള റോഡുകളിൽ വെള്ളം കയറുമെന്ന ആശങ്കയിലാണു പരിസരവാസികൾ. ജിസിഡിഎ പാലം നിർമിക്കാനായി കനാലിനുള്ളിൽ ബണ്ട് പോലെ കൽക്കെട്ടുകൾ നിർമിച്ചതാണു ഇപ്പോളത്തെ വെള്ളപ്പൊക്കത്തിനു കാരണം.

കരിത്തല പൗരസമിതി ഉൾപ്പെടെ ഒട്ടേറെ സംഘടനകൾ ഈ ബണ്ട് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അധികൃതർ നടപടി സ്വീകരിച്ചിരുന്നില്ല.

വ്യാപകമായി വെള്ളം പൊങ്ങിയതോടെ ബണ്ട് പ്രദേശവാസികൾക്കു ഭീഷണിയായിരിക്കുകയാണ്.

വെള്ളം സുഗമമായി ഒഴുകുന്നതിനു ഇതു തടസ്സമാണ്. ജിസിഡിഎ അടിയന്തരമായി ഈ ബണ്ട് നീക്കം ചെയ്യണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു.